(സി) മുൻ സർക്കാരിന്റെ കാലയളവിൽ പാട്ടക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി വിജയപ്രദമായിരുന്നോ; ആയത് പ്രകാരം എത്ര ലക്ഷം രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിജയകരമായിരുന്നു. ആയതുപ്രകാരം 1,94,35,908 രൂപ (ഒരു കോടി തൊണ്ണൂറിനാല് ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി എട്ട് രൂപ മാത്രം) പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

റീസർവ്വെ നടപടികൾ

253 (1002) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

സംസ്ഥാനത്ത് ആകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും ശേഷിക്കുന്ന 756 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ നിലവിൽ പുരോഗതിയിലുമാണ്.

(ബി) റീസർവ്വെ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ജീവനക്കാരുടെയും സർവ്വെ ഉപകരണങ്ങളുടെയും കുറവ് റീസർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. സർവ്വെ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ കുറവിന് പരിഹാരമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരുടെ സേവനം വിനിയോഗിച്ച് റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതിയും പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റീസർവ്വെ നടപടികളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

റീസർവ്വെ പ്രവർത്തനം ആരംഭിക്കുന്നതിനുമുൻപായി വില്ലേജ്, പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളെയും റസിഡൻസ് അസോസിയേഷനുകളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി മീറ്റിംഗ്രകൾ സംഘടിപ്പിക്കുകയും വിവിധ മാധ്യമങ്ങൾവഴി അറിയിപ്പ് നൽകുകയും കൂടാതെ റീസർവ്വെ സംബന്ധിച്ച് സർവ്വെ ബൗണ്ടറീസ് ആക്ട് ആൻഡ് റൂൾ പ്രകാരമുള്ള വിവിധ ഘട്ടങ്ങളിൽ [6(1), 9(2), 13 എന്നീ നോട്ടിഫിക്കേഷനുകൾ] വിവിധ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിച്ചും നിലവിൽ റീസർവ്വെ പ്രവർത്തനത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

റീസർവ്വെ

254 (1003) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വെ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്താകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും ശേഷിക്കുന്ന 756 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ നിലവിൽ പുരോഗതിയിലുമാണ്.

(ബി) പ്രസ്തുത നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്താകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കിയെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനുസൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള സേവനം നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ 87 വില്ലേജുകൾ ഒഴികെയുള്ള 1578 വില്ലേജുകളും നൂതന സാങ്കേതികവിദ്യയുടെ

LIBRARY ARCHIVES Kerala Legislative Assembly